www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

2026 OCTOBER 13 TUESDAY



# ഡിജിറ്റൽ സേവന കയറ്റുമതിയിൽ ഇന്ത്യയ്ക്ക് നാലാം സ്ഥാനം

**ന്യൂദൽഹി:** ലോകത്തെ ഡിജിറ്റൽ സേവന കയറ്റുമതിയിൽ ഇന്ത്യ നാലാം സ്ഥാനത്തെത്തിയതായി ലോക വ്യാപാര സംഘടനയുടെ ഏറ്റവും പുതിയ കണക്കുകൾ. 2025 ൽ 31700 കോടി ഡോളറിന്റെ ഡിജിറ്റൽ സേവന കയറ്റുമതി നടത്തിയാണ് ഇന്ത്യ ഈ നേട്ടം കൈവരിച്ചത്.

രാജ്യത്തിന്റെ ഐടി സേവന മേഖലയിലെ ശക്തമായ വളർച്ചയാണ് ആഗോളതലത്തിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തിയത്. അതേസമയം, ചരക്കുകളുടെ കയറ്റുമതിയിൽ ഇന്ത്യയ്ക്ക് ഇനിയും വലിയ മുന്നേറ്റം കൈവരിക്കാനുണ്ടെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

ആഗോള വ്യാപാരത്തിൽ ചൈനയുടെ ആധിപത്യം തുടരുമ്പോൾ, ഡിജിറ്റൽ സേവന മേഖലയിൽ ഇന്ത്യയുടെ വളർച്ച ശ്രദ്ധേയമാണ്. അമേരിക്കയാണ് ഡിജിറ്റൽ സേവന കയറ്റുമതിയിൽ ഒന്നാം സ്ഥാനത്ത്. സാമ്പത്തിക സേവനങ്ങളിലെയും ആഗോള ധനവിപണിയിലെയും ശക്തമായ സാന്നിധ്യം ബ്രിട്ടനെ രണ്ടാം സ്ഥാനത്തെത്തിച്ചു.

സാങ്കേതിക കമ്പനികളുടെ വരുമാന ഇടപാടുകളിൽ പ്രധാന കേന്ദ്രമായ അയർലൻഡ് മൂന്നാം സ്ഥാനത്താണ്. ഇന്ത്യയ്ക്ക് പിന്നാലെ ജർമനിയും ചൈനയും യഥാക്രമം അഞ്ചും ആറും സ്ഥാനങ്ങളിലുണ്ട്.

ആഗോള ചരക്കുവ്യാപാരത്തിന്റെ വളർച്ച, പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പ്രത്യാഘാതങ്ങൾ, എഐ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ കുതിപ്പ് എന്നിവയാണ് ലോക വ്യാപാര സംഘടന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ. 2026ലെ ചരക്കുവ്യാപാര വളർച്ച സംബന്ധിച്ച പ്രവചനം സംഘടന ഉയർത്തിയപ്പോൾ, വാണിജ്യ സേവന വ്യാപാരത്തിന്റെ വളർച്ചാ പ്രതീക്ഷ കുറയ്ക്കുകയും ചെയ്തു.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തികൾ കടന്ന് വിതരണം ചെയ്യുന്ന സേവനങ്ങളുടെ കയറ്റുമതിയിലാണ് ഇന്ത്യ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിരിക്കുന്നത്. 2025ൽ ഇന്ത്യയുടെ ഡിജിറ്റൽ സേവന കയറ്റുമതി 31700 കോടി ഡോളറിലെത്തി. ഈ വിഭാഗത്തിൽ ഇന്ത്യയുടെ കയറ്റുമതി വളർച്ച 15 ശതമാനമായിരുന്നു.

അതേസമയം, ഇന്ത്യയുടേതിന് സമാനമായ കയറ്റുമതി മൂല്യമുള്ള ജർമനിയുടെ വളർച്ച ഒമ്പത് ശതമാനമായിരുന്നു. വളർച്ചാനിരക്കിലെ ഈ വ്യത്യാസമാണ് ഇന്ത്യയെ നാലാം സ്ഥാനത്തും ജർമനിയെ അഞ്ചാം സ്ഥാനത്തും എത്തിച്ചത്.

ഐടി സേവനങ്ങൾ, സോഫ്റ്റ്വെയർ വികസനം, ക്ലൗഡ് അധിഷ്ഠിത സേവനങ്ങൾ, ഡിജിറ്റൽ ബിസിനസ് സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ ഇന്ത്യയ്ക്കുള്ള ശേഷിയാണ് ഈ മുന്നേറ്റത്തിന്റെ പ്രധാന അടിത്തറ. ആഗോള കമ്പനികൾക്ക് സാങ്കേതിക സേവനങ്ങൾ നൽകുന്ന ഇന്ത്യൻ സ്ഥാപനങ്ങളും വിദേശ ഉപഭോക്താക്കളുമായി പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരും ഈ മേഖലയിലെ വളർച്ചയ്ക്ക് പിന്തുണ നൽകുന്നു.

ഡിജിറ്റൽ സേവനങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയുടെ ശക്തി രാജ്യത്തിന് വിദേശനാണ്യ വരുമാനം വർധിപ്പിക്കാനും ആഗോള വിപണിയിൽ കൂടുതൽ അവസരങ്ങൾ നേടാനും സഹായിക്കുന്നു. പരമ്പരാഗത ചരക്കുകയറ്റുമതിയെ അപേക്ഷിച്ച് ഡിജിറ്റൽ സേവനങ്ങൾക്ക് ഭൗതിക ഗതാഗത സൗകര്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് കുറവാണ്.

അതിനാൽ, അന്താരാഷ്ട്ര ഗതാഗത തടസങ്ങളും ചരക്കുനീക്കത്തിലെ പ്രതിസന്ധികളും നിലനിൽക്കുമ്പോഴും ഡിജിറ്റൽ സേവന വ്യാപാരത്തിന് വളർച്ച തുടരാൻ സാധിക്കും.

എന്നാൽ, ഈ നേട്ടം മാത്രം ഇന്ത്യയുടെ മൊത്തത്തിലുള്ള വ്യാപാരശേഷിയെ വിലയിരുത്താൻ മതിയാകില്ല എന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ചരക്കുകളുടെ കയറ്റുമതി വർധിപ്പിക്കുക, ഉൽപ്പാദനമേഖലയുടെ മത്സരക്ഷമത മെച്ചപ്പെടുത്തുക, ആഗോള വിതരണ ശൃംഖലകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയ മേഖലകളിലും ഇന്ത്യ മുന്നേറേണ്ടതുണ്ട്.



ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് കൊച്ചി ശാഖയുടെ ഓഫീസ് മന്ദിരമായ 'ഐ.എ.പി ഹൗസ്' കലൂരിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. സച്ചിദാനന്ദ കമ്മത്ത്, ഹൈബി ഈഡൻ എം.പി, ഡോ. സച്ചിൻ സുരേഷ്, ഡോ. കെ.ജി. വിജയൻ, ടി.കെ. അഷറഫ്, ഡോ. എം.ഐ. ജുനൈദ് റഹ്മാൻ, മുഹമ്മദ് ഷിയാസ്, ഡോ. എം. നാരായണൻ, ഡോ. ആർ. രമേഷ്, ഡോ. ടി.വി. രവി തുടങ്ങിയവർ സമീപം

# കൊച്ചി കലൂരിൽ നിർമ്മിച്ച ഐ.എ.പി ഹൗസ് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചി ശാഖ കലൂരിൽ 15 സെന്റ് സ്ഥലത്ത് നാല് നിലകളിലായി നിർമ്മിച്ച ആസ്ഥാന മന്ദിരമായ 'ഐ.എ.പി ഹൗസ്' മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ഐ.എം.എ കൊച്ചി ശാഖയുടെ സംരംഭമായ 'അരികെ പാലിയേറ്റീവ് കെയർ' പദ്ധതിയുടെ ഭാഗമായി ഐ.എ.പി ഹൗസിൽ ആരംഭിച്ച കുട്ടികൾക്കായുള്ള പാലിയേറ്റീവ് കെയർ സെന്ററിന്റെയും, എ.ഐഇന്റഗ്രേറ്റഡ് പാലിയേറ്റീവ് കെയർ സംവിധാനത്തിന്റെയും ഉദ്ഘാടനം ഹൈബി ഈഡൻ എം.പി നിർവ്വഹിച്ചു.

ചടങ്ങിൽ ഐ.എ.പി കൊച്ചി ശാഖയുടെ സ്ഥാപക നേതാക്കളായ ഡോ. അബ്രാഹം കെ. പോൾ, ഡോ. എം. വേണുഗോപാൽ, ഡോ. കെ.ജെ. പൗലോസ്, ഡോ. ജീസൺ സി. ഉണ്ണി, പീഡിയാട്രിക്സ് പാലിയോറ്റീവ് കെയറിന്റെ സ്ഥാപകൻ ഡോ. ഐ. റിയാസ്, എഞ്ചിനീയർമാരായ ആസിഫ് ജുനൈദ്, റിസ്വാൻ അഹമ്മദ്, ബി.പി.സി.എൽ ജനറൽ മാനേജർ (എച്ച്.ആർ) എൻ. മേഘനാഥൻ, ബൂമെർ ഇന്ത്യ ഫൗണ്ടേഷൻ ചെയർമാൻ ബാലചന്ദ്രൻ രാജാമണി, ഇന്ത്യൻ ഓപ്പറേഷൻ കോർപ്പറേഷൻ പ്രതിനിധികളായ ജസീൽ ടി. ഇസ്മയിൽ, ഗീതിക വർമ്മ എന്നിവരെ മുഖ്യമന്ത്രി ആദരിച്ചു. കുട്ടികളുടെ പാലിയേറ്റീവ് കെയറിന്റെ ലോഗോ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു.

ഐ.എ.പി കൊച്ചി ശാഖ പ്രസിഡന്റ് ഡോ. കെ.ജി. വിജയൻ അധ്യക്ഷത വഹിച്ചു. പെഡിക്കോൺ ഓർഗനൈസിംഗ് ചെയർമാൻ ഡോ. സച്ചിദാനന്ദ കമ്മത്ത്, ഹൈബി ഈഡൻ എം.പി, മുഹമ്മദ് ഷിയാസ് എം.എൽ.എ, കോർപ്പറേഷൻ വാർഡ് കൗൺസിലർ ടി.കെ. അഷറഫ്, ആന്റണി പൈനുംന്തറ, കൊച്ചി ഐ.എം.എ ഹൗസ് ചെയർമാൻ ഡോ. വി.പി. കുരിഐപ്പ്, ഐ.എ.പി കേരള പ്രസിഡന്റ് ഡോ. എം.കെ. നന്ദകുമാർ, ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, ഐ.എ.പി കൊച്ചി സെക്രട്ടറി ഡോ. സത്യജിത്ത് നായർ, ഡോ. എം.ഐ. ജുനൈദ് റഹ്മാൻ, ഡോ. എം. നാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.




# ഇ-കൊമേഴ്സ് സെയിൽ: ആദ്യ രണ്ടു ദിവസങ്ങളിൽ വിറ്റത് 24,000 കോടി രൂപയുടെ ഉത്പന്നങ്ങൾ

**ന്യൂദൽഹി:** ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ ഉത്സവകാല വില്പനയുടെ ആദ്യ രണ്ടു ദിവസത്തിനുള്ളിൽ വിറ്റുപോയത് 24,000 കോടി രൂപയുടെ ഉത്പന്നങ്ങൾ. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ മൊബൈൽ ഫോണാണ് മുന്നിൽ. മൊത്തം വില്പനമൂല്യത്തിന്റെ 40 ശതമാനത്തോളം വരുമിത്.

ടയർ 2 നഗരങ്ങളിൽനിന്നും ഗ്രാമീണ മേഖലകളിൽനിന്നുമുള്ള ഉപഭോക്തൃ പങ്കാളിത്തം, വിലകുറഞ്ഞ ഫാഷൻ ഉല്പന്നങ്ങൾ, ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക്സ് എന്നിവയോടുള്ള വർധിച്ച താല്പര്യം എന്നിവയാണ് വില്പന വർധനവിന് കാരണമായി വിലയിരുത്തുന്നത്.

# ഇന്ത്യയിലേക്ക് ജപ്പാന്റെ പണമൊഴുക്ക്; ആദ്യ പാദത്തിൽ നിക്ഷേപം 5.71 ബില്യൺ ഡോളർ

**ന്യൂദൽഹി:** ഇന്ത്യയിലേക്കുള്ള വിദേശ നേരിട്ടുള്ള നിക്ഷേപത്തിൽ (എഫ്ഡിഐ) ജപ്പാൻ ഒന്നാമതെത്തി. 2026-27 സാമ്പത്തിക വർഷത്തിലെ ഏപ്രിൽജൂൺ പാദത്തിൽ ജപ്പാനിൽ നിന്ന് ഇന്ത്യയിലെത്തിയത് 5.71 ബില്യൺ ഡോളറാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം മുഴുവൻ ജപ്പാനിൽ നിന്നെത്തിയ 3.74 ബില്യൺ ഡോളറിനേക്കാൾ കൂടുതലാണിത്. ആദ്യ പാദത്തിൽ ഇന്ത്യയ്ക്ക് ലഭിച്ച മൊത്തം 19.81 ബില്യൺ ഡോളറിന്റെ ഇക്വിറ്റി നിക്ഷേപത്തിൽ ഏകദേശം 29 ശതമാനവും ജപ്പാന്റെ സംഭാവനയാണ്.

ഇന്ത്യയിൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ 10 ട്രില്യൺ യെൻ നിക്ഷേപിക്കുകയെന്ന ജപ്പാന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ഈ മുന്നേറ്റത്തിന് വലിയ പ്രാധാന്യമുണ്ട്. വിതരണ ശൃംഖലകൾ വൈവിധ്യവൽക്കരിക്കാനും ഭൗമരാഷ്ട്രീയ അനിശ്ചിതത്വങ്ങളും വർധിച്ച ഉൽപ്പാദന ച്ചെലവും മറികടക്കാനും ജാപ്പനീസ് കമ്പനികൾ ഇന്ത്യയെ കൂടുതൽ ഗൗരവത്തോടെ പരിഗണിക്കുകയാണെന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഉൽപ്പാദന കേന്ദ്രം എന്നതിലുപരി വലിയ ഉപഭോക്തൃ വിപണി, സാങ്കേതികവിദ്യാ കേന്ദ്രം, ആഗോള ശേഷി കേന്ദ്രങ്ങൾ (ജിസിസി) എന്നിവയുടെ പ്രധാന ലക്ഷ്യസ്ഥാനമായും ഇന്ത്യ മാറുന്നു. വാഹനനിർമാണം, ബാറ്ററികൾ, വ്യാവസായിക ഉൽപ്പാദനം, പുനരുപയോഗ ഊർജം, ലോജിസ്റ്റിക്സ്, ഭക്ഷ്യസംസ്കരണം, ഇൻഷുറൻസ്, സാമ്പത്തിക സേവനങ്ങൾ തുടങ്ങിയ മേഖലകളിലാണ് ജാപ്പനീസ് താൽപ്പര്യം ശക്തമാകുന്നത്.




# സംസ്ഥാന സ്കൂൾ കായികമേള: ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**കോഴിക്കോട്:** 25 മുതൽ 31 വരെ നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി വെൽഫെയർ കമ്മിറ്റി യോഗം ചേർന്നു. എൻഐടി ഗ്രൗണ്ടിന് സമീപമുള്ള സംഘാടക സമിതി ഓഫിസിൽ ചേർന്ന യോഗം വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ കൂടിയായ കെ.കെ. രമ എംഎൽഎ ഉദ്ഘാടനം ചെയ്തു. മേളയിൽ പങ്കെടുക്കുന്ന പതിനായിരത്തോളം വരുന്ന മത്സരാർഥികൾക്കും ഒഫീഷ്യലുകൾക്കും കാണികൾക്കും സുരക്ഷിതവും സുലഭവുമായ കുടിവെള്ളം ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും ഒരുക്കാൻ യോഗത്തിൽ തീരുമാനമായി. കോഴിക്കോട് എൻഐടി ഗ്രൗണ്ട് പ്രധാന വേദിയായും പരിസര പ്രദേശങ്ങളിലെ വിവിധ മൈതാനങ്ങൾ മറ്റു വേദികളായുമാണ് ഇത്തവണത്തെ കായികമേള സംഘടിപ്പിക്കുന്നത്. പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചായിരിക്കും കുടിവെള്ള വിതരണം നടത്തുക. ഇതിനായി മൺകൂജകളും തണ്ണീർ കൂജകളും സജ്ജീകരിക്കുമെന്നും ഇതിനാവശ്യമായ മുൻകരുതലുകൾ പൂർത്തിയായതായും യോഗം വിലയിരുത്തി. കായികമേളയ്ക്ക് വിപുലമായ ഒരുക്കങ്ങളുമായി ട്രാൻസ്പോർട്ട് കമ്മിറ്റിയും സജീവമായി രംഗത്തുണ്ട്. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ എത്തുന്ന കലാപ്രതിഭകളെ സ്വീകരിച്ച് കലോത്സവ വേദിയിലെത്തിക്കാൻ ഇരുന്നൂറോളം ബസുകളും മറ്റ് ചെറിയ വാഹനങ്ങളും ഒരുക്കിയിട്ടുണ്ട്. വിദ്യാർഥികളെയും എസ്കോർട്ട് അധ്യാപകരെയും താമസ, ഭക്ഷണ സ്ഥലങ്ങളിൽ എത്തിക്കുന്നതിന് പൊലിസ്, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, സന്നദ്ധ പ്രവർത്തകർ, ഡ്രൈവർമാർ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റിയും രൂപീകരിച്ചു. കഴിഞ്ഞദിവസം ചേർന്ന ട്രാൻസ്പോർട്ട് കമ്മിറ്റി യോഗത്തിലാണ് കമ്മിറ്റി രൂപവത്കരിച്ചത്. ഫാത്തിമ തഹ്‌ലിയ എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. ചാത്തമംഗലം പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ സലീം കുന്നത്ത് അധ്യക്ഷത വഹിച്ചു. വെൽഫെയർ കമ്മിറ്റി യോഗത്തിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എം.കെ. അനീഷ് അധ്യക്ഷത വഹിച്ചു.



## കോതമംഗലം ഉപജില്ലാ ശാസ്ത്രമേളയിൽ സെൻ്റ് അഗസ്റ്റിൻസ് ചാമ്പ്യന്മാർ

**കോതമംഗലം:** കോതമംഗലം ഉപജില്ലാ ശാസ്ത്രമേളയിൽ 959 പോയിൻ്റുകൾ നേടി കോതമംഗലം സെൻ്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ ചാമ്പ്യന്മാരായി. കോട്ടപ്പടി മാർ ഏലിയാസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സമ്മേളനത്തിൽ കോട്ടപ്പടി പഞ്ചായത്ത് പ്രസിഡൻ്റ് ഉമേഷ് ശിവകുമാറിൽ നിന്നും പ്രധാനാധ്യാപിക സിസ്റ്റർ റിനി മരിയ, പ്രിൻസിപ്പൽ സിസ്റ്റർ നമിത, അധ്യാപകർ, വിദ്യാർഥികൾ എന്നിവർ ചേർന്ന് ട്രോഫി ഏറ്റുവാങ്ങി.

ഗണിതശാസ്ത്രം, പ്രവൃത്തിപരിചയം, സാമൂഹ്യശാസ്ത്രം, ഐടി എന്നീ നാല് മേളകളിലും ചാമ്പ്യൻഷിപ്പും സയൻസ് മേളയിൽ റണ്ണറപ്പും നേടിയാണ് സെൻ്റ് അഗസ്റ്റിൻസ് സ്കൂൾ ഓവറോൾ കരസ്ഥമാക്കിയത്.

873 പോയിൻ്റുകളുമായി പൈങ്ങോട്ടൂർ സെൻ്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂൾ രണ്ടാം സ്ഥാനവും, 728 പോയിൻ്റുകളുമായി കോട്ടപ്പടി മാർ ഏലിയാസ് ഹയർ സെക്കൻഡറി സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



## മഹാത്മാഗാന്ധി സർവകലാശാലയിൽ ക്യാൻസർ നാനോടെക്നോളജി അന്താരാഷ്ട്ര ശിൽപശാല

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിൽ ക്യാൻസർ നാനോടെക്നോളജിയിലെ പുതിയ മാറ്റങ്ങളെ സംബന്ധിച്ച് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിച്ചു.

കേന്ദ്രസർക്കാരിന്റെ സ്പാർക്ക് പദ്ധതിയുടെ ഭാഗമായ ഗവേഷണ പ്രൊജക്റ്റിന്റെ പശ്ചാത്തലത്തിലാണ് ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജിയുടെ നേതൃത്വത്തിൽ ശിൽപശാല സംഘടിപ്പിച്ചത്.

കാൻസർപ്രതിരോധം, രോഗനിർണ്ണയം എന്നിവയിൽ നാനോടെക്നോളജിയുടെ പുതിയ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്ത ശിൽപശാലയിൽ ആഗോളതലത്തിലെ പ്രമുഖ ശാസ്ത്രജ്ഞരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്തു.

മുൻ വൈസ് ചാൻസലറും നാനോടെക്നോളജി മേഖലയിലെ പ്രശസ്ത ശാസ്ത്രജ്ഞനുമായ പ്രൊഫ. (ഡോ.) സാബു തോമസ്, ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗ് സർവകലാശാലയിലെ കെമിക്കൽ സയൻസസ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. സാമുവൽ ഒലുവാറ്റോബി ഒലുവാഫെമി എന്നിവർ ചേർന്ന് ശിൽപശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) രാജേഷ് കോമത്ത്, സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോടെക്നോളജി ജോയിന്റ് ഡയറക്ട!ർ ഡോ. ശ്രീകല എം. എസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി ഫാക്കൽറ്റി ഡോ. അജി എം.എൻ., സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോടെക്നോളജി ഫാക്കൽറ്റിമാരായ ഡോ. രാജി വി., ഡോ. ജോഷി. കെ. എസ്., സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് അസിസ്റ്റന്റ് പ്രൊഫസ!ർ ഡോ. പ്രമോദ് കെ, എന്നിവർ പങ്കെടുത്തു.

ശിൽപശാലയിൽ അവതരിപ്പിച്ച ഗവേഷണങ്ങളിൽ നിന്ന് മികച്ച പോസ്റ്റ!ർ, മികച്ച അവതരണം എന്നിവ തിരഞ്ഞെടുത്തു. നാനോ ആർട്ട്, നാനോ ഇന്നവേഷൻ മത്സരങ്ങളും ശിൽപശാലയുടെ ഭാഗമായി സംഘടിപ്പിച്ചു. വിജയികൾക്ക് സമാപന സമ്മേളനത്തിൽ അവാർഡുകൾ കൈമാറി.





# ആവേശമായി ബിഎസ്എൻഎൽ മിനി മാരത്തൺ

**തിരുവനന്തപുരം:** ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിന്റെ (ബിഎസ്എൻഎൽ) 26ാം വാർഷികത്തോടനുബന്ധിച്ച് കേന്ദ്ര ടെലികോം മന്ത്രാലയവുമായി സഹകരിച്ചു സംഘടിപ്പിച്ച മിനി മാരത്തണിന് ആവേശോജ്ജ്വലമായ സമാപനം. തിരുവനന്തപുരം പിഎംജി ജങ്ഷനിലെ ബിഎസ്എൻഎൽ കേരള സർക്കിൾ ഓഫീസിൽ നിന്ന് ആരംഭിച്ച് അഞ്ചു കിലോമീറ്റർ ദൂരം പിന്നിട്ട് തിരിച്ച് അവിടെത്തന്നെ ഫിനിഷ് ചെയ്ത മാരത്തണിൽ അറുനൂറോളം പേർ പങ്കെടുത്തു.

എട്ട് മുതൽ 14 വയസുവരെ പ്രായമുള്ള കുട്ടികളുടെ വിഭാഗത്തിൽ നിഹാൻ മുഹമ്മദ് ഒന്നാമനായി. ജോയൽ ജോൺ, വിൻസൺ റോയ് എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. 15 മുതൽ 45 വരെ പ്രായമുള്ള പുരുഷന്മാരുടെ വിഭാഗത്തിൽ കരൺ സിംഗ് റെക്കോർഡ് നേട്ടത്തോടെ ഒന്നാമതെത്തി. സെൽജിൻ രണ്ടും സോനാറാം ഹെസ്സ മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ രേഷ്മ ഗോമസ് ഒന്നാമതും റയാൻ. എച്ച് രണ്ടാമതും ബബിത. എസ് മൂന്നാമതും ഫിനിഷ് ചെയ്തു. 45 വയസിനു മുകളിൽ ഉള്ള പുരുഷന്മാരിൽ എസ്. നായർ ഒന്നാമതും ബിജു. എസ്.എൽ രണ്ടാമതും ബെൻറോയ്. എസ്.എസ് മൂന്നാമതും ഫിനിഷ് ചെയ്തു. വനിതാ വിഭാഗത്തിൽ സോയ സിയ ഒന്നാമതെത്തിയപ്പോൾ രേവതി, പ്രിയ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

അർജ്ജുന അവാർഡ് ജേതാവ് പത്മശ്രീ കെ.എം. ബീനാമോൾ മാരത്തൺ ഫ്ലാഗ് ഓഫ് ചെയ്തു. ഇതുപോലെയുള്ള മാരത്തണുകളിലൂടെയാണ് ഭാവി വാഗ്ദാനങ്ങളെ കണ്ടെത്താൻ സാധിക്കുന്നതെന്നും അതുകൊണ്ടുതന്നെ ഇത്തരം ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്നും ബീനാമോൾ പറഞ്ഞു. മുൻ തിരുവനന്തപുരം ജില്ലാ കലക്ടറും നിലവിലെ ജിഎസ്ടി സ്പെഷ്യൽ കമ്മീഷണറുമായ അനുകുമാരി ഐഎഎസും, കോപ്പറേറ്റീവ് സൊസൈറ്റിസ് കേരള രജിസ്ട്രാർ അനു. എസ്. നായർ ഐഎഎസും ജേതാക്കൾക്ക് സമ്മാനങ്ങൾ നൽകി. മാരത്തൺ സംഘടിപ്പിക്കാൻ മുൻകൈ എടുത്ത ബിഎസ്എൻഎല്ലിനും കേന്ദ്ര ടെലികോം മന്ത്രാലയത്തിനും അനുകുമാരി ഐഎഎസ് അഭിനന്ദനങ്ങൾ അറിയിച്ചു. പ്രായഭേദമന്യേ മാരത്തണിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേരുന്നതിനോടൊപ്പം ശാരീരികക്ഷമത എന്നും കാത്ത് സൂക്ഷിക്കണമെന്ന് അനു. എസ്. നായർ സൂചിപ്പിച്ചു.

മാരത്തണിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്കു 5,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 3,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 2,000 രൂപയും ക്യാഷ് പ്രൈസ് ലഭിച്ചു. അതിനോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട മത്സരാർഥികൾക്കു പ്രോത്സാഹന സമ്മാനവും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത മത്സരാർഥികൾക്കു സമ്മാന കൂപ്പണുകളും ലഭിച്ചു. ഷാജി. ടി.ആർ (ഐടിഎസ് ,ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ടെലികമ്യൂണിക്കേഷൻസ് ഡിപ്പാർട്ടമെന്റ് കേരള, മിനിസ്ട്രി ഓഫ് കമ്മ്യൂണിക്കേഷൻസ്), ജിതേന്ദ്ര പ്രകാശ് (ജനറൽ മാനേജർ, ബിഎസ്എൻഎൽ തിരുവനന്തപുരം), രമേശ്‌രാജ് (ജനറൽ മാനേജർ മൊബൈൽ സർവീസ് ബിഎസ്എൻഎൽ കേരള), ശ്രീജിത്ത്. എസ്.വി (കൺവീനർ, മാരത്തൺ കമ്മിറ്റി) , സുനിൽ ശിവൻ, ശ്രീകേഷ് (മാരത്തൺ കമ്മിറ്റി) എന്നിവരും പരിപാടിയിൽ പങ്കെടുത്തു. മാരത്തൺ ചെയർപേഴ്സൺ മഞ്ജുഷ മേരി മാത്യൂ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.

ശാരീരികക്ഷമത, ഐക്യം, സാമൂഹിക കൂട്ടായ്മ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ബിഎസ്എൻഎല്ലിന്റെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'റൺ ടുഗെദർ വിത്ത് ഹമാരാ ബിഎസ്എൻഎൽ' എന്ന മുദ്രാവാക്യത്തോടെ മാരത്തൺ സംഘടിപ്പിച്ചത് .

# മാക്കേക്കടവ് നേരേകടവ് പാലം:18ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**പൂച്ചാക്കൽ:** മാക്കേക്കടവ് നേരേകടവ് പാലത്തിൽ ഭാരപരിശോധന പൂർത്തിയായി. നിർമാണം പൂർത്തിയായതിനു ശേഷമുള്ള പൊതുമരാമത്ത് വകുപ്പിന്റെ നടപടിക്രമങ്ങളുടെ ഭാഗമായാണ് പരിശോധന നടത്തിയത്. 39 ടൺ വരുന്ന 4 ലോറികൾ വിവിധ സമയങ്ങളിലും സ്ഥലങ്ങളിലുമായി 24 മണിക്കൂർ പാലത്തിൽ നിർത്തിയിട്ട ശേഷം താഴെ 12 ഗേജ് സെറ്റ് സ്ഥാപിച്ച് വ്യതിചലനം, ആയാസം ഉൾപ്പെടെ നിരീക്ഷിച്ചാണ് നടപടികൾ പൂർത്തിയായത്.



പാലത്തിൽ സുരക്ഷാരേഖകൾ വരയ്ക്കൽ, സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ ജോലികളും പുരോഗമിക്കുകയാണ്. ബുധനാഴ്ചയോടെ പൊതുമരാമത്ത് വകുപ്പിന്റെ ജോലികൾ അവസാനിപ്പിക്കും. അതിനിടെ വഴി വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ ജോലികളും നടക്കും. ശേഷം പന്തൽ ഇടൽ ഉൾപ്പെടെ നടപടികൾ തുടങ്ങും. പാലത്തോട് ചേർന്നാണ് സമ്മേളന വേദി. 2500 പേരെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ സന്ദർശനവും ഡോഗ് ബോംബ് സ്ക്വാഡുകളുടെയും പരിശോധനയും അടുത്താഴ്ച്ചയുണ്ടാകും.

18ന് രാവിലെ 9ന് മുഖ്യമന്ത്രി വി.ഡി സതീശൻ പാലം ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ പി.കെ. ബഷീർ, രമേശ് ചെന്നിത്തല, എം.ലിജു, മോൻസ് ജോസഫ് തുടങ്ങിയവർ എത്തുമെന്നാണ് വിവരം. ഉദ്ഘാടനത്തോട് അനുബന്ധിച്ച് മാക്കേക്കവല മാക്കേക്കടവ് റോഡരികിൽ അലങ്കാര ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്.

## തെന്മല ഇക്കോടൂറിസം; ബോട്ടിംഗ് പുനഃരാരംഭിച്ചു

**തെന്മല:** ബോട്ടുകളുടെ ഡ്രൈ ഡോക്ക് പരിശോധന പൂർത്തിയായതോടെ തെന്മല ഇക്കോടൂറിസത്തിൽ ബോട്ടിംഗ് പുനഃരാരംഭിച്ചു. മൂന്നുവർഷം കൂടുമ്പോഴുള്ള ഡ്രൈ ഡോക്ക് പരിശോധനയ്ക്കുവേണ്ടി കഴിഞ്ഞ മാസമാണ് ശെന്തുരുണി, ഉമയാർ, പാലരുവി ബോട്ടുകൾ സർവീസ് താത്കാലികമായി നിർത്തിവച്ചത്.

ചീഫ് സർവേയർ ഓഫ് കേരള പോർട്ട് ഉദ്യോഗസ്ഥർ ബോട്ടിൻറെ അടിഭാഗം ഉൾപ്പടെ പരിശോധിച്ചിരുന്നു. ചായം പൂശി, ബോട്ടിനുള്ളിലെ സീറ്റ് വൃത്തിയാക്കുന്ന ജോലിയുൾപ്പടെ പൂർത്തിയാക്കിയാണ് ബോട്ടുകൾ വീണ്ടും കഴിഞ്ഞദിവസം വെള്ളത്തിലിറക്കിയത്.

കല്ലട അണക്കെട്ടിനുള്ളിൽ പള്ളംവെട്ടി എർത്ത് ഡാമിലുള്ള അരമണിക്കൂറത്തെ ബോട്ടിങ് ഇക്കോടൂറിസത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. 629 രൂപയുടെ പാക്കേജ് ടിക്കറ്റെടുക്കുന്നവർക്ക് ബോട്ടിംഗിന് പുറമേ അഡ്വഞ്ചർ സോൺ, തൂക്കുപാലമുൾപ്പെടുന്ന ലെഷർ സോൺ, ചിത്രശലഭ സഫാരിപാർക്ക്, മാൻ പാർക്ക് ഉൾപ്പടെയുള്ളവ ആസ്വദിക്കാനാകും. 23 പേരെ ഉൾക്കൊള്ളാവുന്ന രണ്ട് ബോട്ടുകളും എട്ടുപേർക്ക് യാത്രചെയ്യാവുന്ന ഒരു ബോട്ടുമാണ് സർവീസ് നടത്തുന്നത്.

## സംസ്ഥാനത്ത് കൂടുതൽ റിലാക്സ് കേന്ദ്രങ്ങൾ സജ്ജീകരിക്കും: മന്ത്രി എം. ലിജു

**ചാരുംമൂട്:** ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിനോദത്തിനും വിശ്രമത്തിനുമായി സംസ്ഥാനത്ത് കൂടുതൽ റിലാക്സ് കേന്ദ്രങ്ങൾ സജ്ജീകരിക്കുമെന്ന് മന്ത്രി എം. ലിജു പറഞ്ഞു.

താമരക്കുളം പഞ്ചായത്തിന്റെയും നൂറനാട് എക്സൈസ് റേഞ്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി താമരക്കുളം പച്ചക്കാട് മിനി സ്റ്റേഡിയത്തിൽ സജ്ജമാക്കിയ റിലാക്സ് കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

എം.എസ്. അരുൺകുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കെ.ആർ. അജയ്, പഞ്ചായത്ത് പ്രസിഡൻറ് പി.എസ്. ഷീജാദേവി, വൈസ് പ്രസിഡൻറ് റെനി തോമസ്, ബ്ലോക്ക് പഞ്ചായത്തംഗം എസ്. നിയാസ്, പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ എസ്. റീന, ഷീജാ അഭിലാഷ്, ശ്രീകുമാർ, അളകനന്ദ, ജി. വേണു, ജി. മധു എന്നിവർ പ്രസംഗിച്ചു.

## കനിവ് മെഡിക്കൽ സഹായ പദ്ധതി ഉദ്ഘാടനവും വിദ്യാഭ്യാസ അവാർഡ് വിതരണവും

**പൊടിമറ്റം:** ഡിസിഎംഎസ് സെൻറ് ജോസഫ്സ് ചർച്ച് യൂണിറ്റ് ആരംഭിച്ച കനിവ് മെഡിക്കൽ സഹായ പദ്ധതിയുടെ ഉദ്ഘാടനവും വിദ്യാഭ്യാസ അവാർഡ് വിതരണവും നടത്തി. പ്രഫ. റോണി കെ. ബേബി എംഎൽഎ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾ നേടിയെടുത്ത് നടപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധതയുള്ള സർക്കാരാണ് നിലവിലുള്ളത്. അവകാശങ്ങൾക്കായി പോരാടുന്നവർക്കൊപ്പമുണ്ടാകുമെന്നും റോണി കെ. ബേബി എംഎൽഎ പറഞ്ഞു. ഡിസിഎംഎസ് യൂണിറ്റ് പ്രസിഡൻറ് രാജു കൊണ്ടുമല അധ്യക്ഷത വഹിച്ചു. കനിവ് മെഡിക്കൽ സഹായക പദ്ധതിയുടെ ഉദ്ഘാടനം വാർഡംഗം ജാക്വിലിൻ സെബാസ്റ്റ്യൻ നടത്തി.

യൂണിറ്റ് ഡയറക്ടർ ഫാ. സജി പൂവത്തുകാട് അനുഗ്രഹ പ്രഭാഷണവും ഡിസിഎംഎസ് വിജയപുരം രൂപത പ്രസിഡൻറ് ഷിബു ജോസഫ് കാഞ്ഞിരപ്പാറ മുഖ്യപ്രഭാഷണവും നടത്തി.

ബ്ലോക്ക് പഞ്ചായത്തംഗം ജോണിക്കുട്ടി മഠത്തിനകം, ഇടവക സമിതി സെക്രട്ടറി ജയിംസ് പറപ്പള്ളി, ഡിസിഎംഎസ് സംസ്ഥാന കൗൺസിൽ അംഗം ടോമി പൂവത്തോലിൽ, മുണ്ടക്കയം മേഖല പ്രസിഡൻറ് സണ്ണി പാമ്പാടിയിൽ, യൂണിറ്റ് സെക്രട്ടറി സിജോ ജോസഫ്, സാബു നന്ദികാടൻ എന്നിവർ പ്രസംഗിച്ചു.

ഇടവകയിൽ നിന്നുള്ള ആദ്യ പ്രഥമാധ്യാപകൻ ഇ.എ. ജോൺസൺ ഇടത്തുപറമ്പലിനെ റോണി കെ. ബേബി എംഎൽഎയും ഫാ. സജി പൂവത്തുകാടും ചേർന്ന് ആദരിച്ചു. കെസിബിസിയുടെ വിദ്യാഭ്യാസ അവാർഡും യൂണിറ്റിൻറെ വിദ്യാഭ്യാസ അവാർഡും കാഷ് പ്രൈസും ഇടവകയിലെ മികച്ച വിജയം നേടിയ 40 വിദ്യാർഥികൾക്ക് വിതരണം ചെയ്തു.

# സൗബിനൊപ്പം 1870 പുതുമുഖങ്ങൾ അണിനിരക്കുന്ന നൈറ്റ് ഷോസ്

2018, മാളികപ്പുറം, രേഖാചിത്രം, ആട് 3 തുടങ്ങിയ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങൾക്ക് ശേഷം കാവ്യ ഫിലിം കമ്പനി നിർമ്മിക്കുന്ന, രക്ഷാധികാരി ബൈജു, ഓ ബേബി എന്നീ ശ്രദ്ധേയ ചിത്രങ്ങൾക്ക് ശേഷം രഞ്ജൻ പ്രമോദ് സംവിധാനം ചെയ്യുന്ന നൈറ്റ് ഷോസ് ഫസ്റ്റ് ലുക്ക് പുറത്ത്. സൗബിൻ ഷാഹിറിനൊപ്പം 1870 പുതുമുഖങ്ങളും ചിത്രത്തിന്റെ ഭാഗമാകുന്നുണ്ട്. സിനിമയുടെ പ്രമേയം, താരനിര, റിലീസ് എന്നിവയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വൈകാതെ പുറത്തുവിടും.






തിരക്കഥാകൃത്തായും സംവിധായകനായും മലയാള സിനിമയിൽ ശ്രദ്ധേയമായ സാന്നിധ്യമാണ് രഞ്ജൻ പ്രമോദ്. മീശ മാധവൻ, മനസ്സിനക്കരെ, അച്ചുവിന്റെ അമ്മ, നരൻ തുടങ്ങിയ ചിത്രങ്ങളുടെ തിരക്കഥയിലൂടെ പ്രേക്ഷകശ്രദ്ധ നേടിയ അദ്ദേഹം മോഹൻലാൽ നായകനായ ഫോട്ടോഗ്രാഫർ എന്ന ചിത്രമൊരുക്കിയാണ് സംവിധായകനായി അരങ്ങേറ്റം കുറിച്ചത്. രക്ഷാധികാരി ബൈജു ഒപ്പ് എന്ന ചിത്രത്തിലൂടെ വലിയ പ്രേക്ഷകനിരൂപക പ്രശംസ നേടിയ രഞ്ജൻ പ്രമോദ്, തുടർന്ന് ദിലീഷ് പോത്തൻ പ്രധാന വേഷത്തിലെത്തിയ ഒ. ബേബിയിലൂടെ വ്യത്യസ്തമായ കഥാപരിസരവും ത്രില്ലർ സ്വഭാവവും അവതരിപ്പിച്ചും ശ്രദ്ധ നേടി. ജനപ്രീതിയും കലാമൂല്യവുമുള്ള ചിത്രങ്ങൾ മലയാളി പ്രേക്ഷകർക്ക് സമ്മാനിച്ചിട്ടുള്ള കാവ്യ ഫിലിം കമ്പനി നിർമ്മിക്കുന്ന ചിത്രം രഞ്ജൻ പ്രമോദ് ഒരുക്കുന്നു എന്നതാണ് 'നൈറ്റ് ഷോസ്'നെ ശ്രദ്ധേയമാക്കുന്നത്.

നിർമ്മാണം: വേണു കുന്നപ്പിള്ളി, ബാനർ: കാവ്യ ഫിലിം കമ്പനി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: വിവേക് രാമദേവൻ, ലൈൻ പ്രൊഡ്യൂസർ: ഗോപകുമാർ ജി.കെ., രചന, സംവിധാനം, പ്രൊഡക്ഷൻ ഡിസൈനർ: രഞ്ജൻ പ്രമോദ്, ഛായാഗ്രഹണം: അഭിഷേക് ശരവണൻ, സംഗീതം: ഡോൺ വിൻസെന്റ്, എഡിറ്റിംഗ്: സിദ്ദിഖ് ഹൈദർ, ആർട്ട്: നിഖിൽ ചാക്കോ, കോസ്റ്റ്യൂംസ്: റിസ്വാൻ ഖാൻ, മേക്കപ്പ് & ഹെയർ സ്റ്റൈലിസ്റ്റ്: നരസിംഹ സ്വാമി, സൗണ്ട് എഫക്ട്സ് എഡിറ്റേഴ്സ്: രാകേഷ് കെ.എം., പ്രേംശങ്കർ സേതുമാധവൻ, എ.ഡി.ആർ. സൂപ്പർവൈസർ: ജോബിൻ ജയൻ, പ്രൊഡക്ഷൻ റെക്കോർഡിംഗ്: ഷമീർ അഹമ്മദ്, റീറെക്കോർഡിംഗ് മിക്സർ: ജിതിൻ ജോസഫ്, കളറിസ്റ്റ്: അർജുൻ മേനോൻ, വി.എഫ്.എക്സ്: ആകാശ് കൃഷ്ണ, പോസ്റ്റർ ഡിസൈൻ: ശ്രീജിത്ത് എൻ., ചീഫ് അസോസിയേറ്റ് ഡയറക്ടർ: സൗഗന്ധ് പ്രമോദ്, ഫസ്റ്റ് അസിസ്റ്റന്റ് ക്യാമറാമാൻ: വിജയ് ഭാസ്കർ, ഡയറക്ടേഴ്സ് അസിസ്റ്റന്റ്: ബേസിൽ കുഞ്ഞുമോൻ, ക്രിയേറ്റീവ് അസോസിയേറ്റ് ഡയറക്ടർ: സൗരഭ് പ്രമോദ്, പ്രൊഡക്ഷൻ മാനേജർ: നിസാർ എടത്തല, പ്രൊഡക്ഷൻ കൺട്രോളർ: ഷിബു ജി. സുശീലൻ, പ്രൊഡക്ഷൻ സൂപ്പർവൈസർമാർ: അഖിൽ ഷൈലജ ശശിധരൻ, പ്രൊഡക്ഷൻ ഇൻചാർജ്: സിദ്ദിഖ് ഹൈദർ, പി.ആർ.ഒ: വൈശാഖ് സി. വടക്കേവീട്, ജിനു അനിൽകുമാർ.

# രാമായണ ആദ്യ ഭാഗം നവംബർ അഞ്ചിന് തിയേറ്ററുകളിൽ

ചലച്ചിത്ര ലോകം ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നിതീഷ് തിവാരിയുടെ ബ്രഹ്മാണ്ഡ ചിത്രം രാമായണ ആദ്യ ഭാഗം നവംബർ അഞ്ചിന് തിയേറ്ററുകളിൽ എത്തും. യേ റാം കെ യുഗ് കാ ആരംഭ് ഹൈ എന്ന സന്ദേശത്തോടെയാണ് പുതിയ പോസ്റ്റർ പുറത്തിറക്കിയിരിക്കുന്നത്. കൂടാതെ, ഈ ദസറ മുതൽ ചിത്രത്തിന്റെ അഡ്വാൻസ് ബുക്കിംഗ് ആരംഭിക്കുമെന്നും നിർമാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.



നമിത് മൽഹോത്രയുടെ പ്രൈം ഫോക്കസ് സ്റ്റുഡിയോസും എട്ട് തവണ ഓസ്കർ പുരസ്കാരം നേടിയ വിഷ്വൽ ഇഫക്റ്റ്സ് സ്റ്റുഡിയോയായ ഡിഎൻഇജിയും യഷിന്റെ മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസും സംയുക്തമായാണ് ചിത്രം നിർമിക്കുന്നത്. മലയാളം, ഹിന്ദി, കന്നഡ, തെലുങ്ക്, തമിഴ് എന്നീ അഞ്ച് ഭാഷകളിലാണ് റിലീസ്. ഒഫിഷ്യൽ റിലീസ് ഡേറ്റ് പോസ്റ്റർ ഇതിനോടകം തന്നെ ചലച്ചിത്ര ലോകത്ത് വലിയ തരംഗമാണ് സൃഷ്ടിച്ചിരിക്കുന്നത്. കഥാപാത്രങ്ങളുടെ ആകർഷകമായ ലുക്കും ചിത്രത്തിൻറെ വലിയ ക്യാൻവാസും വ്യക്തമാക്കുന്ന തരത്തിലാണ് പോസ്റ്റർ ഒരുക്കിയിരിക്കുന്നത്. സോണി പിക്ചേഴ്സ് ആണ് ചിത്രത്തിന്റെ അന്താരാഷ്ട്ര വിതരണം ഏറ്റെടുത്തിരിക്കുന്നത്. ഉത്തരേന്ത്യയിൽ ധർമ്മ പ്രൊഡക്ഷൻസാണ് ചിത്രം തിയറ്ററുകളിലെത്തിക്കുന്നത്.

ഇന്ത്യൻ സിനിമ കണ്ട ഏറ്റവും വലിയ താരനിരയാണ് ഈ ഇതിഹാസ സിനിമയ്ക്കായി അണിനിരക്കുന്നത്. ഇന്ത്യയിലും അതിരുകൾക്കപ്പുറത്തും തലമുറകളായി ആരാധിക്കപ്പെടുന്ന ധർമ്മബോധത്തിൻറെ പ്രതീകമായ ശ്രീരാമനെ രൺബീർ കപൂറാണ് അവതരിപ്പിക്കുന്നത്. സീതാദേവിയായി സായ് പല്ലവി എത്തുമ്പോൾ ലാളിത്യവും കരുത്തും അനുകമ്പയും ആ കഥാപാത്രത്തിന് അവർ പകർന്നു നൽകുന്നു. പ്രൈം ഫോക്കസ് സ്റ്റുഡിയോസിനൊപ്പം തൻറെ മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസിലൂടെ ഈ ചിത്രം നിർമിക്കുന്ന പാൻഇന്ത്യൻ സൂപ്പർ താരം റോക്കിംഗ് സ്റ്റാർ യഷ്, ലോക സിനിമ കണ്ട ഏറ്റവും ശക്തനും അജയ്യനുമായ പ്രതിനായകന്മാരിൽ ഒരാളായ രാവണനായി ചിത്രത്തിൽ എത്തുന്നു. മലയാളികളുടെ പ്രിയനടി ശോഭന കൈകേയിയായി വേഷമിടുന്നു എന്നതാണ് മലയാളികൾക്ക് ഈ ചിത്രത്തിലെ മറ്റൊരു പ്രധാന ആകർഷണം.

മുമ്പ് ടെലിവിഷൻ രാമായണ പരമ്പരയിൽ ശ്രീരാമനായി എത്തി ജനഹൃദയങ്ങൾ കീഴടക്കിയ അരുൺ ഗോവിൽ ദശരഥ മഹാരാജാവായി തിരിച്ചെത്തുന്നു. ലക്ഷ്മണനായി രവി ദുബെയും വിശ്വാമിത്ര മഹർഷിയായി അജിങ്ക്യ ദേവും ഇന്ദ്രദേവനായി കുനാൽ കപൂറും ശൂർപ്പണഖയായി രാകുൽ പ്രീത് സിംഗുമാണ് എത്തുന്നത്.

ദംഗൽ എന്ന ചിത്രത്തിലൂടെ ആഗോളതലത്തിൽ റെക്കോർഡുകൾ തീർത്ത പ്രശസ്ത സംവിധായകൻ നിതീഷ് തിവാരിയാണ് ചിത്രം സംവിധാനം ചെയ്യുന്നത്. ഓസ്കർ ജേതാക്കളായ സംഗീത ഇതിഹാസങ്ങൾ ഹാൻസ് സിമ്മറും എ.ആർ. റഹ്മാനും ആദ്യമായി ഒന്നിക്കുന്നുവെന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്. ഓസ്കർ ജേതാവായ ശ്രീധർ രാഘവനാണ് ചിത്രത്തിൻറെ തിരക്കഥ ഒരുക്കിയിരിക്കുന്നത്.

എട്ട് തവണ അക്കാദമി അവാർഡ് നേടിയ ഡിഎൻഇജി സ്റ്റുഡിയോയാണ് ചിത്രത്തിലെ വിഎഫ്എക്സ് ചെയ്യുന്നത്. രണ്ട് ഭാഗങ്ങളായി പുറത്തിറങ്ങുന്ന ഈ സിനിമാ പരമ്പരയുടെ ആദ്യ ഭാഗം ഇന്ത്യൻ സിനിമയിലെ തന്നെ ഏറ്റവും ചെലവേറിയതും വലിയതുമായ പ്രൊജക്ടുകളിൽ ഒന്നാണ്.

രാമായണം എന്നത് കേവലം ഒരു കഥ മാത്രമല്ല, അത് നമ്മുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ്.

ഇന്ത്യയുടെ ഏറ്റവും വലിയ ഇതിഹാസം അതിൻറെ എല്ലാ ഭൗതിക സൗന്ദര്യത്തോടും അന്തസോടും കൂടെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് നിർമാതാവ് നമിത് മൽഹോത്ര ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്.



# രണബാലി ഒക്ടോബർ 16ന് തിയേറ്ററുകളിൽ

വിജയ് ദേവരകൊണ്ടയും രശ്മിക മന്ദാനയും പ്രധാന കഥാപാത്രങ്ങളിലെത്തുന്ന പാൻഇന്ത്യൻ ചിത്രം രണബാലിയിലെ വീര്യം നിറഞ്ഞ ഗാനം പുറത്ത്. ചിത്രത്തിലെ പോരിൻ കാഹളം എന്ന ലിറിക്കൽ വീഡിയോയായാണ് അണിയറപ്രവർത്തകർ പുറത്തുവിട്ടിരിക്കുന്നത്. ഒക്ടോബർ 16ന് ചിത്രം ലോകമെമ്പാടുമുള്ള തിയേറ്ററുകളിൽ റിലീസ് ചെയ്യും.

തെലുങ്കിലും കന്നഡയിലും കൊമ്പാലി, ഹിന്ദിയിൽ ഗർജ്ജന, തമിഴിൽ ധീരം ധീരം, മലയാളത്തിൽ പോരിൻ കാഹളം എന്നിങ്ങനെ വിവിധ ഭാഷകളിൽ വ്യത്യസ്ത വരികളോടെയാണ് ഗാനം റിലീസ് ചെയ്തിരിക്കുന്നത്. അജയ്അതുൽ കൂട്ടുകെട്ട് ഈണമിട്ട മലയാളം ഗാനത്തിന് സിജു തുറവൂർ വരികൾ ഒരുക്കുമ്പോൾ വി.എം. മഹാലിംഗമാണ് ആലാപനം നിർവഹിച്ചിരിക്കുന്നത്. 1876 മുതൽ 1878 വരെയുള്ള ബ്രിട്ടീഷ് ഭരണകാലത്ത് ജീവൻ വെടിഞ്ഞ 80 ലക്ഷത്തോളം ഇന്ത്യക്കാരുടെ ഓർമകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചുകൊണ്ടാണ് ഈ ചിത്രം എത്തുന്നത്.

വിജയ് ദേവരകൊണ്ട രണബാലിയായും രശ്മിക മന്ദാന ജയമ്മയായും വേഷമിടുന്നു. ഗീതാ ഗോവിന്ദം, ഡിയർ കോമ്രേഡ് എന്നീ വിജയചിത്രങ്ങൾക്ക് ശേഷം ഇരുവരും ഒന്നിക്കുന്ന മൂന്നാമത്തെ ചിത്രമാണിത്. വിവാഹശേഷമുള്ള ഇവരുടെ ആദ്യ ചിത്രമെന്ന പ്രത്യേകതയും ഇതിനുണ്ട്. ദ മമ്മി ഫെയിം ഹോളിവുഡ് താരം അർണോൾഡ് വോസ്ലൂ, ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ സർ തിയോഡോർ ഹെക്ടറായി ചിത്രത്തിൽ ശക്തമായ വില്ലൻ വേഷത്തിലെത്തുന്നു. മൈത്രി മൂവി മേക്കേഴ്സിൻറെ ബാനറിൽ നവീൻ യെർനേനിയും വൈ. രവിശങ്കറും ചേർന്ന് നിർമിക്കുന്ന ചിത്രം ടിസീരീസാണ് അവതരിപ്പിക്കുന്നത്. ഇതൊരു ബയോപിക് അല്ലെന്നും മറച്ചുവയ്ക്കപ്പെട്ട ചരിത്രരേഖകളുടെയും വാമൊഴികളുടെയും സിനിമാറ്റിക് പുനരാവിഷ്കാരമാണെന്നും അണിയറപ്രവർത്തകർ വ്യക്തമാക്കിയിട്ടുണ്ട്.

# ഇന്ത്യയുടെ ബാലൻസ് ഓഫ് പേയ്മെന്റ് മിച്ചം ഉയരുമെന്ന് ഐസിഐസിഐ ബാങ്ക്

**മുംബൈ:** ഇന്ത്യൻ രൂപയ്ക്ക് കരുത്തേകാൻ രാജ്യത്തിന്റെ വിദേശ സാമ്പത്തിക നില ശക്തമാകുന്നു. 2026–27 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ബാലൻസ് ഓഫ് പേയ്മെന്റ് മിച്ചം 97 ബില്യൺ മുതൽ 100 ബില്യൺ ഡോളർ വരെ ഉയരുമെന്നാണ് ഐസിഐസിഐ ബാങ്കിന്റെ പുതിയ റിപ്പോർട്ട്.




വിദേശത്തുനിന്നുള്ള പണമൊഴുക്ക്, സേവന കയറ്റുമതിയിലെ വളർച്ച, വിദേശനാണ്യ ശേഖരത്തിലെ വർധന എന്നിവയാണ് ഈ മുന്നേറ്റത്തിന് പ്രധാന പിന്തുണയാകുന്നത്.

വിദേശത്തുനിന്നുള്ള പണമൊഴുക്കിൽ വർധന

ഇന്ത്യയുടെ വിദേശ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിൽ പ്രവാസികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണത്തിന് നിർണായക പങ്കുണ്ട്. 2026 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിൽ ഇന്ത്യയിലേക്കുള്ള പ്രവാസിപ്പണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 24 ശതമാനം വളർച്ച രേഖപ്പെടുത്തി.

അതേസമയം, ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ സേവന കയറ്റുമതിയിൽ 8.5 ശതമാനം വർധനയുമുണ്ടായി. ഐടി, ബിസിനസ് സേവനങ്ങൾ തുടങ്ങിയ മേഖലകളിൽനിന്നുള്ള വിദേശ വരുമാനം രാജ്യത്തിന്റെ വിദേശനാണ്യ വരുമാനം മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

വിദേശ സാമ്പത്തിക നില ശക്തമാകുമ്പോഴും ചരക്കുകളുടെ ഇറക്കുമതിയും കയറ്റുമതിയും തമ്മിലുള്ള അന്തരം ഇന്ത്യയ്ക്ക് വെല്ലുവിളിയായി തുടരുകയാണ്. ക്രൂഡ് ഓയിൽ വില ബാരലിന് ശരാശരി 94 ഡോളറിനടുത്ത് തുടരുന്ന സാഹചര്യത്തിൽ, 2026–27 സാമ്പത്തിക വർഷത്തിലെ ചരക്ക് വ്യാപാരക്കമ്മി 387 ബില്യൺ മുതൽ 400 ബില്യൺ ഡോളർ വരെയാകുമെന്നാണ് റിപ്പോർട്ടിലെ വിലയിരുത്തൽ. ഇതോടെ കറന്റ് അക്കൗണ്ട് കമ്മി മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.2 മുതൽ 1.6 ശതമാനം വരെയാകാമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ഇന്ത്യയുടെ വിദേശനാണ്യ ശേഖരം ഏകദേശം 780 ബില്യൺ ഡോളറിലെത്തിയതും രൂപയ്ക്ക് പിന്തുണ നൽകുന്ന ഘടകമാണ്.

ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങൾക്കിടയിൽ രൂപയുടെ മൂല്യത്തകർച്ച നിയന്ത്രിക്കാൻ റിസർവ് ബാങ്കിന് കൂടുതൽ ഇടപെടൽ ശേഷി ഇതിലൂടെ ലഭിക്കുന്നു. ജൂലൈ അവസാനത്തെ കണക്കനുസരിച്ച് റിസർവ് ബാങ്കിന്റെ ഫോർവേഡ് ഡോളർ ബുക്ക് 137 ബില്യൺ ഡോളറാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

രൂപയുടെ മൂല്യത്തിൽ കൂടുതൽ സ്ഥിരത പ്രതീക്ഷിക്കുന്നു

ശക്തമായ ഡോളറും ഉയർന്ന ക്രൂഡ് ഓയിൽ വിലയും സമീപഭാവിയിൽ രൂപയ്ക്ക് സമ്മർദം സൃഷ്ടിച്ചേക്കാം. എന്നാൽ റിസർവ് ബാങ്കിന്റെ ഡോളർ വിൽപ്പനയും വിദേശനാണ്യ ലഭ്യതയിലെ പുരോഗതിയും രൂപയുടെ അമിതമായ മൂല്യത്തകർച്ച തടയാൻ സഹായിക്കുമെന്നാണ് ഐസിഐസിഐ ബാങ്കിന്റെ വിലയിരുത്തൽ. സമീപകാലത്ത് ഡോളറിനെതിരെ രൂപ 94 മുതൽ 96 വരെയുള്ള നിലവാരത്തിൽ വ്യാപാരം നടത്താമെന്നും റിപ്പോർട്ട് പ്രവചിക്കുന്നു.

അതേസമയം, 2026–27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 7.8 ശതമാനമായിരുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ മൊത്തത്തിലുള്ള വളർച്ച 7.1 ശതമാനമായിരിക്കുമെന്നും കണക്കാക്കുന്നു. വിദേശ വരുമാനത്തിലെ വർധനയും ആഭ്യന്തര സാമ്പത്തിക വളർച്ചയും ഇന്ത്യയുടെ വിദേശ സാമ്പത്തിക നിലയ്ക്ക് പിന്തുണയാകുമ്പോൾ, എണ്ണവിലയിലെ ചാഞ്ചാട്ടവും ആഗോള ഡോളറിന്റെ ശക്തിയും രൂപയുടെ മുന്നേറ്റത്തിൽ നിർണായകമാകും.

## വെർട്ടോ സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** യുവ പ്രഫഷണലുകൾക്കും സംരംഭകർക്കുമായി ഫെഡറൽ ബാങ്ക് വെർട്ടോ സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു.

ഭക്ഷണം, ഫാഷൻ, വിമാനയാത്ര എന്നിവയ്ക്കുള്ള ഡെബിറ്റ് കാർഡ് ഇടപാടുകൾക്ക് അഞ്ചു ശതമാനം കാഷ്ബാക്ക്, 35 ലക്ഷം വരെയുള്ള സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ, ആഭ്യന്തര വിമാനത്താവളങ്ങളിലെ ലോഞ്ച് സൗകര്യം, ബാങ്ക് ലോക്കർ നിരക്കുകളിൽ ഇളവ്, വിദേശത്തേക്കു പണം അയയ്ക്കുന്നതിനുള്ള ആനുകൂല്യങ്ങൾ എന്നിവയാണു പ്രധാന സവിശേഷതകൾ. അക്കൗണ്ട് ഉടമയുടെ പങ്കാളിക്കും കുട്ടികൾക്കും പ്രത്യേക ആനുകൂല്യങ്ങളും ലഭിക്കും.

## സാംസംഗ് ബെസ്പോക്ക് എഐ ഗൃഹോപകരണ ശ്രേണി അവതരിപ്പിച്ചു

**കൊച്ചി:** എഐ സാങ്കേതിക വിദ്യയും സ്മാർട്ട് ഹോം കണക്ടിവിറ്റിയും ഉൾപ്പെടുത്തി സാംസംഗ് ഇന്ത്യ 2026 ബെസ്പോക്ക് എഐ ഗൃഹോപകരണ ശ്രേണി അവതരിപ്പിച്ചു. സ്മാർട്ട്തിംഗ്സ് പ്ലാറ്റ്ഫോമിലൂടെ ഉപകരണങ്ങൾ നിയന്ത്രിക്കാനും ഊർജ ഉപയോഗം കുറയ്ക്കാനും സഹായിക്കുന്ന സംവിധാനങ്ങളാണു പുതിയ ശ്രേണിയുടെ സവിശേഷത.

ഗൂഗിൾ ജെമിനി സംയോജിപ്പിച്ച ഫാമിലി ഹബ് റഫ്രിജറേറ്റർ, ബെസ്പോക്ക് എഐ. വിൻഡ്ഫ്രീ പ്രോ എസി, ഇൻഫിനിറ്റ് വൺവേ കാസറ്റ് എസി എന്നിവയാണ് പ്രധാന ഉത്പന്നങ്ങൾ.

എഐ സംവിധാനത്തിലൂടെ വൈദ്യുതി ഉപയോഗം 30 ശതമാനം വരെ കുറയ്ക്കാനും വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ച് ഉപകരണങ്ങൾ ക്രമീകരിക്കാനും സാധിക്കും. സാംസംഗ് നോക്സ് സുരക്ഷയും സ്മാർട്ട്തിംഗ്സ് വഴി ഏഴു വർഷത്തെ സോഫ്റ്റ്‌വേർ അപ്ഡേറ്റുകളും ലഭ്യമാക്കും.

# സിംഗപ്പൂരിന് വൈദ്യുതി കൊടുക്കാൻ ഇന്ത്യ; വരുന്നു 3 രാജ്യങ്ങളിലൂടെ കരവഴി 3000 കിലോമീറ്റർ ശൃംഖല

**ന്യൂദൽഹി:** തെക്കുകിഴക്കൻ ഏഷ്യൻ രാജ്യമായ സിംഗപ്പൂരിന് വൈദ്യുതി വിൽക്കാൻ ഇന്ത്യ. സിംഗപ്പൂരിനെയും ഇന്ത്യയെയും ബന്ധിപ്പിച്ച് കരമാർഗം 3000 കിലോമീറ്റർ നീളുന്ന വൈദ്യുതി ലൈനാണ് വരുന്നത്. 2000 മെഗാവാട്ട് വൈദ്യുതി കൈമാറുന്ന പദ്ധതി നടപ്പാക്കാനുള്ള സാധ്യതകൾ ഇരുരാജ്യങ്ങളും പരിശോധിക്കുകയാണ്.



ആസിയാൻ പവർ ഗ്രിഡ് പദ്ധതിയുടെ ഭാഗമാണിത്. മണിപ്പൂരിലെ ഇംഫാലിനെ മ്യാൻമർ, തായ്‌ലൻഡ്, മലേഷ്യ എന്നീ രാജ്യങ്ങളിലൂടെ സിംഗപ്പൂരുമായി കരമാർഗം ബന്ധിപ്പിക്കാൻ കഴിയുമോയെന്നാണ് പരിശോധിക്കുന്നത്. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ ഊർജമന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര ഊർജസഹമന്ത്രി ശ്രീപദ് യെസോ നായിക്കാണ് ഇക്കാര്യം പറഞ്ഞത്.

2035 എത്തുമ്പോൾ 6 ഗിഗാവാട്ട് പുനരുപയോഗ വൈദ്യുതി ഇറക്കുമതി ചെയ്യാൻ സിംഗപ്പൂർ പദ്ധതിയിടുന്നതിനിടെയാണ് പുതിയ നീക്കങ്ങൾ. പദ്ധതി സാധ്യമായാൽ ഇന്ത്യയിൽ നിന്ന് നേരിട്ട് സിംഗപ്പൂരിലേക്ക് വൈദ്യുതി എത്തിക്കാം. ഇത് മേഖലയിലെ ഊർജ സുരക്ഷയ്ക്കും കരുത്താകും.

പുനരുപയോഗ മേഖലയിലെ പദ്ധതികളുടെ നടത്തിപ്പ്, ഗ്രിഡ് ഇന്റഗ്രേഷൻ, ഗ്രീൻ ഹൈഡ്രജൻ തുടങ്ങിയ മേഖലകളിലെ സാങ്കേതിക വിദ്യ കൈമാറ്റം എന്നിവയും ഇന്ത്യ ഉറപ്പു നൽകിയിട്ടുണ്ട്.

കൂടുതൽ രാജ്യങ്ങളിലേക്ക് ഇന്ത്യയുടെ പവർ ഗ്രിഡ് നീട്ടുന്നതിന്റെ ഭാഗമായാണ് പുതിയ നീക്കങ്ങൾ.

നിലവിൽ ഇന്ത്യയ്ക്ക് ബംഗ്ലദേശ്, നേപ്പാൾ, മ്യാൻമർ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിലേക്ക് നേരിട്ട് വൈദ്യുതി കയറ്റുമതി ചെയ്യാനുള്ള സംവിധാനങ്ങളുണ്ട്. ശ്രീലങ്കയെക്കൂടി ഇതിലേക്ക് ഉൾപ്പെടുത്താനുള്ള ചർച്ചകൾ നടക്കുകയാണ്.

രാജ്യത്തിന്റെ പവർ ഗ്രിഡിനെ സൗദി അറേബ്യ, യുഎഇ തുടങ്ങിയ രാജ്യങ്ങളുമായി ബന്ധിപ്പിക്കാനുള്ള സാധ്യതകളും ഇന്ത്യ പരിശോധിക്കുന്നുണ്ട്.

സെപ്റ്റംബർ 30 വരെയുള്ള കണക്ക് പ്രകാരം ഇന്ത്യയ്ക്ക് 558.8 ജിഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ശേഷിയുണ്ട്. ഇതിൽ 308 ജിഗാവാട്ടും ഫോസിൽ ഇതര ഇന്ധനങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയാണ്.

ആകെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ 55 ശതമാനം വരുമിത്. പാരിസ് ഉടമ്പടി പ്രകാരം 2030ലാണ് ആകെ വൈദ്യുതി ഉൽപാദനത്തിന്റെ 50% ഫോസിൽ ഇതര ഇന്ധനത്തിലേക്ക് മാറ്റേണ്ടത്. വർഷങ്ങൾക്കു മുൻപ് തന്നെ ഇന്ത്യ ഈ നേട്ടം കൈവരിച്ചതായും മന്ത്രി ചൂണ്ടിക്കാട്ടി.




**അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്നുവന്ന ബേക്ക് എക്സ്പോ 2026ന്റെ സമാപന സമ്മേളനം മന്ത്രി റോജി എം.ജോൺ ഉദ്ഘാടനം ചെയ്യുന്നു**

# ബേക്ക് എക്സ്പോ 2026 സമാപിച്ചു

**കൊച്ചി:** ലോകത്തെ നനാഭാഗത്തുള്ള രുചികളെ സ്വകരിക്കാൻ മനസ്സുള്ള ഭക്ഷണ സംസ്ക്കാരമാണ് കേരളത്തിന്റേതെന്നു ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം.ജോൺ. കേരളത്തിന്റെ തനതായ ഭക്ഷണ സംസ്കാരവും വൈവിധ്യമാർന്ന രുചികളെ സ്വീകരിക്കാനുള്ള മനോഭാവവും ഫുഡ് ഇൻഡസ്ട്രിയുടെ വളർച്ചയ്ക്ക് വലിയ സാധ്യതകളാണ് തുറന്നിടുന്നതെന്നും മന്ത്രി പറഞ്ഞു.

ബേക്കേഴ്സ് അസോസിയേഷൻ കേരള (ബേക്ക്) മൂന്നു ദിവസങ്ങളിലായി അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ബേക്ക് എക്സ്പോ 2026ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദേശത്തേക്കുള്ള തൊഴിൽ കുടിയേറ്റം കുറയ്ക്കാൻ സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടണം. അത്തരം സംരംഭങ്ങൾക്ക് സർക്കാർ പൂർണ പിന്തുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ബേക്ക് സ്മാർട്ട് ടീം സമ്മേളനം കളക്ടർ ജി.പ്രിയങ്ക ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ ബേക്ക് സംസ്ഥാന പ്രസിഡന്റ് കിരൺ എസ്.പാലയ്ക്കൽ അധ്യക്ഷത വഹിച്ചു. വിദ്യ ബാലകൃഷ്ണൻ എം.എൽ.എ, ബേക്ക് സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പ്രേം ശങ്കർ, ബേക്ക് സ്ഥാപക പ്രസിഡന്റ് പി.എം. ശങ്കരൻ, സൂപ്പർ മാർക്കറ്റ് വെൽഫെയർ അസോസിയേഷൻ സറ്റേറ്റ് പ്രസിഡന്റ് ജോർഫിൻ പേട്ട, ലീഗൽ അഡ്വൈസർ എം.എം. മുഹമ്മദ് സലീം, ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ രക്ഷാധികാരി പ്രിൻസ് ജോർജ്, ബേക്ക് എക്സ്പോ എക്സിക്യൂട്ടീവ് ഡയറക്ടർ അർച്ചിത് രഞ്ജിത്, ഡയറക്ടർമാരായ പോൾ ചെമ്മണൂർ, ഷോജിൽ അശോക്, ആഷിക് റെഹ്മാൻ, ഹെന്നി ജോസഫ് എന്നിവർ പ്രസംഗിച്ചു.

# കുതിച്ചുയർന്ന് ഇന്ത്യൻ ഇലക്ട്രിക് സ്കൂട്ടർ വിപണി; ഒമ്പത് മാസം കൊണ്ട് വിറ്റഴിച്ചത് 16.1 ലക്ഷം യൂണിറ്റുകൾ

**ഹൈദരാബാദ്:** ഇന്ത്യയിലെ ഇലക്ട്രിക് ഇരുചക്രവാഹന വിപണി അതിവേഗം വളരുകയാണ്. ദൈനംദിന യാത്രാ ചിലവുകൾ കുറയ്ക്കുമെന്നതാണ് ഇലക്ട്രിക് വാഹനത്തിലേക്ക് പലരും ചേക്കേറുന്നതിന് പിന്നിലെ പ്രധാന കാരണം.

ഇന്ധനച്ചെലവിലെ ലാഭം, കുറഞ്ഞ പരിപാലനച്ചെലവ്, സർക്കാർ ആനുകൂല്യങ്ങളും സബ്സിഡിയും, പരിസ്ഥിതി സൗഹൃദം, മികച്ച റൈഡിങ് അനുഭവം, ആധുനിക സവിശേഷതകൾ എന്നിവയൊക്കെയാണ് പെട്രോൾ സ്കൂട്ടറുകളിൽ നിന്നും ആളുകളെ ഇലക്ട്രിക് സ്കൂട്ടറിലേക്ക് മാറാൻ പ്രേരിപ്പിക്കുന്നത്.

2026 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 16.1 ലക്ഷം യൂണിറ്റ് ഇലക്ട്രിക് സ്കൂട്ടറുകളാണ് രാജ്യത്ത് വിറ്റഴിച്ചത്. മുൻവർഷം ഇതേ കാലയളവിൽ 6.40 ലക്ഷം യൂണിറ്റുകളാണ് വിറ്റഴിച്ചത്. 2026 ഏപ്രിൽസെപ്റ്റംബർ കാലയളവിൽ മാത്രമായി ഉപഭോക്താക്കൾ വാങ്ങിയത് 11.2 ലക്ഷം യൂണിറ്റ് ഇവികളാണ്. ഇത് ഉപയോക്താക്കളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ 76 ശതമാനം വർധനവ് കാണിക്കുന്നു.

2026 സെപ്റ്റംബറിൽ മാത്രം 2.07 ലക്ഷം യൂണിറ്റുകൾ വിറ്റഴിച്ചിട്ടുണ്ട്. ഇത് എക്കാലത്തെയും ഉയർന്ന കണക്കാണ്. 2025ലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 89 ശതമാനത്തിൻറെ വർധനവാണ് കാണുന്നത്. വിപണിയിൽ വലിയ തോതിൽ ആവശ്യമുയരുന്നതിനാൽ, ഈ സാമ്പത്തിക വർഷാവസാനത്തോടെ ആകെ 22.6 ലക്ഷം യൂണിറ്റുകൾ വിറ്റഴിക്കപ്പെടുമെന്നാണ് കണക്കാക്കപ്പെടുന്നത്.സാമ്പത്തികം പഠിക്കുക

2025 ഏപ്രിലിൽ വരെ ഏറ്റവും കൂടുതൽ വിറ്റഴിച്ചത് ഒല ഇലക്ട്രിക് ആയിരുന്നെങ്കിലും, പിന്നീടുള്ള മാസങ്ങളിൽ പിന്തള്ളപ്പെട്ടതോടെ ടിവിഎസ് മോട്ടോറും ബജാജ് ഓട്ടോയും മുൻനിരയിലെത്തി. മികച്ച വളർച്ച രേഖപ്പെടുത്തിയ രണ്ട് കമ്പനികളാണ് ഇത്.

2026 സെപ്റ്റംബറിൽ റെക്കോർഡ് റീട്ടെയിൽ വിൽപ്പനയിൽ 49 ശതമാനം വിഹിതവും ഈ കമ്പനികളിൽ നിന്നാണ്.ബജാജ് ഓട്ടോയെ സംബന്ധിച്ചിടത്തോളം ഇത് 2026 സെപ്റ്റംബറിലേത് ഉയർന്ന പ്രതിമാസ വിൽപ്പനയാണ്. 2026 മാർച്ചിൽ കൈവരിച്ച 47,755 യൂണിറ്റ് എന്ന വിൽപ്പന കണക്കിനെ മറികടന്നാണ് കമ്പനി ഈ നേട്ടം കൈവരിച്ചത്. 30,661 യൂണിറ്റുകൾ വിറ്റഴിച്ച് ഏഥർ എനർജി മൂന്നാം സ്ഥാനത്തുണ്ട്. 56 ശതമാനത്തിന്റെ വാർഷിക വളർച്ചയാണ് കമ്പനി ഇതിലൂടെ നേടിയത്.

# സുസ്ഥിര ചെറുകിട മത്സ്യബന്ധനത്തിനായുള്ള ദേശീയ പ്രവർത്തന പദ്ധതി: കേരളത്തിൽ കൂടിയാലോചന നടത്തി

**കൊച്ചി**: ഇന്ത്യയുടെ സുസ്ഥിര ചെറുകിട മത്സ്യബന്ധനത്തിനായുള്ള ദേശീയ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ മത്സ്യബന്ധന സമൂഹങ്ങളുടെ അഭിപ്രായങ്ങളും ആശങ്കകളും മുൻഗണനകളും ഉൾപ്പെടുത്തുന്നതിനായി കൊച്ചിയിലെ ഐസിഎആർ- സിഫ്റ്റിൽ ഇന്ന് കൂടിയാലോചന സംഘടിപ്പിച്ചു. മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ അഭിപ്രായങ്ങൾ, ആശങ്കകൾ, ആവശ്യങ്ങൾ, മുൻഗണനകൾ എന്നിവ ദേശീയ പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുത്തുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം.

സുസ്ഥിര ചെറുകിട മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെയും മറ്റ് ബന്ധപ്പെട്ട വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ തേടി ദേശീയ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായി കൂടിയാലോചനകൾ സംഘടിപ്പിച്ചുവരുന്നു. ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർഗവൺമെന്റൽ ഓർഗനൈസേഷൻ സംഘടനയാണ് കൂടിയാലോചനാ പ്രക്രിയയ്ക്ക് നേതൃത്വം നൽകുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നത്.




മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ യഥാർഥ ജീവിതസാഹചര്യങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും ദേശീയ പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ഇതിനായി തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സമൂഹാധിഷ്ഠിത സംഘടനകളുടെ നേതൃത്വത്തിൽ കൂടിയാലോചനകൾ നടത്തുന്നു. മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ നിന്ന് ലഭിക്കുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ദേശീയ ദൗത്യസംഘം ഏകോപിപ്പിച്ച് സുസ്ഥിര ചെറുകിട മത്സ്യബന്ധനത്തിനായുള്ള ദേശീയ പ്രവർത്തന പദ്ധതി തയ്യാറാക്കും.രാജ്യത്തിന്റെ കിഴക്കൻ, പടിഞ്ഞാറൻ തീരങ്ങളിലും ദ്വീപ് പ്രദേശങ്ങളിലുമായി 20ലധികം ഏകദിന കൂടിയാലോചനാ പരിപാടികൾ സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നു.

ചെറുകിട മത്സ്യബന്ധന മേഖലയിലെ പ്രധാന പ്രശ്നങ്ങളായ മത്സ്യസമ്പത്തിലേക്കുള്ള പ്രവേശനം, സുസ്ഥിര മത്സ്യബന്ധന പരിപാലനം, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ, ലിംഗസമത്വം, കാലാവസ്ഥാ വ്യതിയാനം, ദുരന്തസാധ്യതാ നിവാരണം തുടങ്ങിയ വിഷയങ്ങൾ നിർദിഷ്ട പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടും. മത്സ്യത്തൊഴിലാളികൾ, ബോട്ട് ജീവനക്കാർ, പങ്കാളിത്താടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, കുടിയേറ്റ മത്സ്യത്തൊഴിലാളികൾ, മത്സ്യവിൽപ്പനക്കാർ, ഉണക്കമത്സ്യ സംസ്കരണ മേഖലയിലുള്ളവർ, സ്ത്രീകൾ, യുവജനങ്ങൾ തുടങ്ങി മത്സ്യബന്ധന മേഖലയിലെ വിവിധ വിഭാഗങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനാണ് കൂടിയാലോചന ലക്ഷ്യമിടുന്നത്.

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടന തയ്യാറാക്കിയ സുസ്ഥിര ചെറുകിട മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുള്ള സ്വമേധയാ മാർഗനിർദേശങ്ങൾ , ഇന്ത്യയുടെ ദേശീയ സമുദ്ര മത്സ്യബന്ധന നയം, 2017 എന്നിവയ്ക്ക് അനുസൃതമായാണ് ഈ സംരംഭം മുന്നോട്ടുപോകുന്നത്. കൂടിയാലോചനയിലൂടെ ലഭിക്കുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ചജഛഅടടഎ രൂപീകരണത്തിന് സഹായകമാകും.

പരിപാടിയുടെ ഉദ്ഘാടന സെഷനിൽ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ; എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ഡോ. നികിത ഗോപാൽ; ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫിഷർ ഓർഗനൈസേഷൻസ് പ്രസിഡന്റ് ആൻഡ് സി.ഇ.ഒ. വിൻസെന്റ് ജെയിൻ ജോസഫ് എന്നിവർ സംസാരിച്ചു.

മത്സ്യ മേഖലയിലെ വിവിധ വിഭാഗങ്ങളിൽനിന്നായി ഏകദേശം 50 പേർ പരിപാടിയിൽ പങ്കെടുത്തു. ചെറുകിട മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങളും മുൻഗണനകളും സംബന്ധിച്ച തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പങ്കാളികൾ പങ്കുവച്ചു.

കരട് 2026 നവംബർ 21ന് ലോക മത്സ്യബന്ധന ദിനത്തിൽ പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തുടർന്ന് പൊതുജനാഭിപ്രായങ്ങൾ തേടുകയും കരട് അന്തിമമാക്കി 2027ൽ ഔദ്യോഗികമായി വിജ്ഞാപനം ചെയ്യുകയും ചെയ്യും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com